Std. 5 - Chapter 5 - Revision - Main points

# പാഠം 5: വിമോചകനായ മോശ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | എത്രനാളാണ് ഇസ്രായേൽക്കാർ ഈജിപ്തിൽ താമസിച്ചത്? | നാല് നൂറ്റാണ്ടുകൾ |
| 2 | എന്തിനാണ് പുതിയ ഫറവോ ഇസ്രായേൽക്കാരെ ഞെരുക്കാൻ തുടങ്ങിയത്? | ഇസ്രായേൽക്കാർ രാജ്യം മുഴുവൻ വ്യാപിക്കുകയും സമ്പത്തു നേടുകയും ശക്തരായിത്തീരുകയും ചെയ്തപ്പോൾ അവർ തങ്ങളെ കീഴടക്കുമെന്ന് ഈജിപ്തുകാർ ഭയപ്പെട്ടു. അതിനാൽ അവർ ഇസ്രയേൽക്കാരെ ഞെരുക്കാൻ തുടങ്ങി. |
| 3 | വയലിലെ വേലകൾക്കു പുറമേ എന്തു ജോലി ചെയ്യാനാണ് ഈജിപ്തുകാർ ഇസ്രായേൽക്കാരെ ഏല്പിച്ചത്? | വയലിലെ വേലകൾക്കുപുറമെ കുമ്മായവും ഇഷ്ടികയും കൊണ്ടുള്ള പണികളും അവരെ ഏല്പിച്ചു. |
| 4 | ഫറവോയുടെ പുതിയ കല്പന എന്തായിരുന്നു? | ഇസ്രായേൽക്കാർക്ക് ജനിക്കുന്ന ആൺകുട്ടികളെയെല്ലാം കൊന്നുകളയണം. |
| 5 | ഞാങ്ങണകൊണ്ട് നെയ്ത്, കളിമണ്ണും ടാറും പൂശി, വെള്ളം കയറാത്ത ഒരു പേടകത്തിൽ കുട്ടിയെ കിടത്തി പുഴവക്കത്തെ ചെടികൾക്കിടയിൽ വച്ചു. ആരായിരുന്നു ആ കുട്ടി? | മോശ |
| 6 | 1. മോശ എന്ന പേരിന്റെ അർത്ഥമെന്ത്? | വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ടവൻ |
| 7 | ഈജിപ്തുകാരൻ ഇസ്രായേൽക്കാരനെ അടിക്കുന്നതു കണ്ടപ്പോൾ ദേഷ്യംവന്ന മോശ ഈജിപ്തുകാരനെ കൊന്നുകളഞ്ഞു. അതറിഞ്ഞ ഫറവോ മോശയെ പിടികൂടാൻ തീരുമാനിച്ചപ്പോൾ മോശ എവിടേക്കാണു ഒളിച്ചോടിയത്? ആരുടെ മകളെയാണ് മോശ വിവാഹം കഴിച്ചത്? | മിദിയാൻ എന്ന സ്ഥലത്തെത്തി. ജത്രോ എന്ന പുരോഹിതന്റെ ആടുകളെ മേയ്ച്ചുവന്നു. പിന്നീട് ജത്രോയുടെ മകളെ മോശ വിവാഹം ചെയ്തു. |
| 8 | 2. മോശയ്ക്ക് ദൈവത്തിന്റെ ദർശനമുണ്ടായത് എവിടെവച്ച്? | ഹോറബ് മലയിൽ വച്ച്. |
| 9 | മോശ ഹോറബ് മലയിൽ കണ്ട മഹാദൃശ്യം എന്തായിരുന്നു? | മോശ ഒരു ദിവസം ഹോറബ് മലയിൽ ആടുകലെ മേയ്ച്ചുകൊണ്ടിരുന്നപ്പോൾ ഒരു കാഴ്ചകണ്ടു. ഒരു മുൾപ്പടർപ്പ് ആളിക്കത്തുന്നു. തീ ഉയർന്നുകാണാം. എന്നാൽ മുൾപ്പടർപ്പ് കത്തിയെരിഞ്ഞ് ചാമ്പലാകുന്നുമില്ല. മോശ അത്ഭുതപ്പെട്ടു. ആ മഹാദൃശ്യം അടുത്തു കാണുന്നതിനായി മോശ മുൾപ്പടർപ്പിനെ സമീപിച്ചു. അപ്പോൾ മുൾപ്പടർപ്പിൽനിന്നൊരു സ്വരമുയർന്നു. ദൈവത്തിന്റെ സ്വരമായിരുന്നു അത്. ദൈവം മോശയോട് അരുളിച്ചെയ്തു: അടുത്തുവരരുത്, നിന്റെ ചെരുപ്പ് അഴിച്ചുമാറ്റുക. എന്തുകൊണ്ടെന്നാൽ നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്.... ഞാൻ നിന്റെ പിതാക്കന്മാരുടെ ദൈവമാണ്. അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം (പുറപ്പാട് 3:5–6). |
| 10 | പുറപ്പാട് 3:12 എഴുതുക? | ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കും. ഞാനാണു നിന്നെ അയയ്ക്കുന്നത് |

| | | |
|---|---|---|
| 11 | 3. ദൈവം മോശയെ അയച്ചപ്പോൾ അദ്ദേഹത്തെ ഏൽപിച്ച കാര്യങ്ങൾ എന്തെല്ലാം? | ഒന്നാമത് ഇസ്രായേൽക്കാരോട് പറയാനുള്ളത്: 'ഇസ്രായേൽക്കാരെ ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ദൈവം രക്ഷിക്കും. തേനും പാലും ഒഴുകുന്ന കാനാൻദേശത്തേയ്ക്ക് അവരെ കൊണ്ടുപോകും.' രണ്ടാമത്തേത് ഫറവോരാജാവിനോട് പറയാനുള്ളത്: 'മൂന്നു ദിവസത്തെ യാത്ര ചെയ്ത്, മരുഭൂമിയിൽ ദൈവമായ കർത്താവിനു ബലിയർപ്പിക്കുവാൻ ഇസ്രായേൽക്കാരെ വിട്ടയക്കണം.' |
| 12 | മോശയെ ശക്തിപ്പെടുത്താനായി ദൈവം നൽകിയ മൂന്ന് അടയാളങ്ങൾ ഏവ? | 1) ദൈവം നിർദ്ദേശിച്ചപ്രകാരം മോശ കൈയ്യിലിരുന്ന വടി നിലത്തിട്ടപ്പോൾ അതു സർപ്പമായി മാറി. കൈനീട്ടി അതിന്റെ വാലിൽ പിടിച്ചപ്പോൾ അതു വടിയായി തീർന്നു. 3) ദൈവം നിർദ്ദേശിച്ചപ്രകാരം മോശ കൈ മാറിടത്തിൽ വച്ചു. കൈ തിരിച്ചെടുത്തപ്പോൾ അത് മഞ്ഞുപോലെ വെളുത്ത് കുഷ്ഠമുള്ളതായി കാണപ്പെട്ടു. അവിടുത്തെ കല്പനപ്രകാരം വീണ്ടും കൈ മാറിടത്തിൽ വച്ചിട്ട് തിരിച്ചെടുത്തപ്പോൾ പഴയതുപോലെയായി. 3) മോശ നൈൽ നദിയിൽ നിന്നു കുറെ വെള്ളമെടുത്ത് കരയിൽ ഒഴിച്ചപ്പോൾ അതു രക്തമായി മാറി. |
| 13 | 4. ആരെയാണ് മോശയ്ക്ക് സഹായിയായി ദൈവം നൽകിയത്? | സഹോദരനായ അഹറോനെയാണ് ദൈവം മോശയുടെ സഹായത്തിനായി നൽകിയത്. |
| 14 | ''ആരാണീ കർത്താവ്? അവന്റെ വാക്കുകേട്ട് ഞാൻ എന്തിന് ഇസ്രായേൽക്കാരെ വിട്ടയക്കണം? ഞാൻ കർത്താവിനെ അറിയുന്നില്ല, ഇസ്രായേൽക്കാരെ വിട്ടയക്കുന്നുമില്ല.'' സന്ദർഭം വിശദമാക്കുക? | മോശയും അഹറോനും ഫറവോയുടെ മുമ്പിലെത്തി. കർത്താവായ ദൈവത്തെ ആരാധിക്കുവാൻ ഇസ്രായേൽക്കാരെ വിട്ടയക്കണമെന്ന് അവർ ആവശ്യപ്പെട്ടു. അപ്പോൾ ഫറവോ പറഞ്ഞതാണിത്. |
| 15 | 5. മോശയുടെ ചരിത്രം നമുക്കു നൽകുന്ന സന്ദേശമെന്ത്? | ദൈവത്തിന്റെ വഴികൾ മനുഷ്യരുടേതുപോലെയല്ല. കഷ്ടപ്പാടുകളുടെ മധ്യത്തിലും ദൈവം മനുഷ്യനെ രക്ഷയിലേക്കു നയിക്കുന്നു. ആപത്തുകൾ വന്നാലും അവിടുന്നു നമ്മെ സംരക്ഷിക്കും. കാരണം അവിടുന്ന് വിശ്വസ്തനാണ്. മോശയെ വിളിക്കുകയും ശക്തിപ്പെടുത്തുകയും വഴിനടത്തുകയും ചെയ്ത ദൈവം നമ്മെയും ശക്തിപ്പെടുത്തുമെന്ന സന്ദേശമാണ് മോശയുടെ ചരിത്രം നമുക്കു നൽകുന്നത്. |
| 16 | പുറപ്പാട് 6:7 എഴുതുക? | ഞാൻ നിങ്ങളെ എന്റെ ജനമായി സ്വീകരിക്കും; നിങ്ങളുടെ ദൈവമായിരിക്കുകയും ചെയ്യും. |
| 17 | സങ്കീർത്തനം 119:105 എഴുതുക? | അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും, വഴികളിൽ പ്രകാശവുമാണ്. |
| 18 | ഉൽപത്തി 15:6 എഴുതുക? | അബ്രാഹം കർത്താവിൽ വിശ്വസിച്ചു. അവിടുന്ന് അത് അവന് നീതികരണമായി കണക്കാക്കി. |
| 19 | ഉൽപത്തി 2:15 എഴുതുക? | ഇതാ, ഞാൻ നിന്നോടു കൂടെയുണ്ട്. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തു രക്ഷിക്കും. |
| 20 | ഉൽപത്തി 49:25 എഴുതുക? | നിന്റെ പിതാവിന്റെ ദൈവം നിനക്ക് തുണയായിരിക്കും. |

**ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും (ഉദാ: ഒറ്റവാക്കിൽ ഉത്തരം എഴുതുക, ബ്രാക്കറ്റിൽ നിന്നും ഉത്തരം എടുത്തെഴുതുക, പട്ടിക ക്രമപ്പെടുത്തുക, ഫ്ളോചാർട്ട് പൂർത്തിയാക്കുക, ഉത്തരം എഴുതുക, പദസൂര്യൻ പൂർത്തിയാക്കുക, ജീവചരിത്രം പൂർത്തിയാക്കുക, ഖണ്ഡിക എഴുതുക മുതലായവ) അത് വായിച്ചു മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരമെഴുതുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്.